**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4749** **20-07-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിട വാടക നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി കെട്ടിടം ഇല്ലാത്ത സർക്കാർ ആഫീസുകൾക്ക് വാടകയ്ക്ക് കെട്ടിടം ഏറ്റെടുക്കുമ്പോൾ വാടക നിശ്ചയിക്കുന്ന നടപടി ക്രമങ്ങളുടെ വിശദാംശം അറിയിക്കാമോ; | (എ) | സ്വന്തമായി കെട്ടിടം ഇല്ലാത്ത സർക്കാർ ഓഫീസുകൾക്ക് വാടകയ്ക്ക് കെട്ടിടം ഏറ്റെടുക്കുമ്പോൾ വാടക നിർണ്ണയ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകുന്ന കെട്ടിട നമ്പരോട്ടു കൂടിയ കാലപ്പഴക്ക നിർണ്ണയ രേഖ, വാടക നിർണ്ണയിക്കുകയോ പുതുക്കുകയോ ചെയ്യേണ്ട തീയതിയിലെ ഭൂവിലയും സർവ്വേ നമ്പറും കാണിച്ച് റവന്യു അധികാരികൾ നൽകുന്ന ഭൂവില നിർണ്ണയ പത്രം നിശ്ചിത ദിവസം മുതൽ വാടക നിർണ്ണയിക്കുന്നതിന് വേണ്ടി കെട്ടിടം വാടകയ്ക്ക് എടുക്കുന്ന ഓഫീസ് മേധാവി, പൂരിപ്പിച്ച പ്രൊഫോർമ, കെട്ടിട ഉടമയുടെ സമ്മതപത്രം എന്നിവ സഹിതം അതാത് ജില്ലയിലെ എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്ക് ഓൺലൈൻ ആയി സമർപ്പിക്കാൻ ടി വിഷയം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ് 10/1/2022-ലെ ജി.ഒ (എം.എസ്) നം. 1/2022/പൊ.മ.വ പ്രകാരം നിഷ്കർഷിച്ചിരിക്കുന്നു. കെട്ടിടം വാടകയ്ക്ക് ആവശ്യമുള്ള ഓഫീസിലെ ജീവനക്കാരുടെ അംഗബലത്തിനനുസരിച്ചുള്ള സ്ഥലത്തിന് വാടക നിശ്ചയിച്ച് നൽകുന്നു. |
| (ബി) | ആയത് സംബന്ധിച്ച് ഏതെല്ലാം സർക്കാർ ഉത്തരവുകളാണ് നിലവിലുള്ളത്; അവയുടെ വിശദാംശം നൽകാമോ; | (ബി) | സ്വന്തമായി കെട്ടിടം ഇല്ലാത്ത സർക്കാർ ഓഫീസുകൾക്ക് വാടകയ്ക്ക് കെട്ടിടം ഏറ്റെടുക്കുമ്പോൾ വാടക നിർണ്ണയ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകുന്ന കെട്ടിട നമ്പരോട്ടു കൂടിയ കാലപ്പഴക്ക നിർണ്ണയ രേഖ, വാടക നിർണ്ണയിക്കുകയോ പുതുക്കുകയോ ചെയ്യേണ്ട തീയതിയിലെ ഭൂവിലയും സർവ്വേ നമ്പറും കാണിച്ച് റവന്യു അധികാരികൾ നൽകുന്ന ഭൂവില നിർണ്ണയ പത്രം നിശ്ചിത ദിവസം മുതൽ വാടക നിർണ്ണയിക്കുന്നതിന് വേണ്ടി കെട്ടിടം വാടകയ്ക്ക് എടുക്കുന്ന ഓഫീസ് മേധാവി, പൂരിപ്പിച്ച പ്രൊഫോർമ, |

| | | | |
|---|---|---|---|
| | | | കെട്ടിട ഉടമയുടെ സമ്മതപത്രം എന്നിവ സഹിതം അതാത് ജില്ലയിലെ എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്ക് ഓൺലൈൻ ആയി സമർപ്പിക്കാൻ ടി വിഷയം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവ് 10/1/2022-ലെ ജി.ഒ (എം.എസ്) നം. 1/2022/പൊ.മ.വ പ്രകാരം നിഷ്കർഷിച്ചിരിക്കുന്നു. കെട്ടിടം വാടകയ്ക്ക് ആവശ്യമുള്ള ഓഫീസിലെ ജീവനക്കാരുടെ അംഗബലത്തിനനുസരിച്ചുള്ള സ്ഥലത്തിന് വാടക നിശ്ചയിച്ച് നൽകുന്നു. |
| (സി) | കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി എത്ര സർക്കാർ ആഫീസുകൾക്കാണ് പൊതുമരാമത്ത് കെട്ടിട വിഭാഗം വാടക നിശ്ചയിച്ച് നൽകിയത്; ഓരോ കെട്ടിടങ്ങളുടെ വിവരങ്ങൾ, ഏത് ഓഫീസ്, വിസ്തീർണ്ണം, ജീവനക്കാരുടെ എണ്ണം, വാടക,വാടക നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ എന്നിവ തീയതി സഹിതം വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ? | (സി) | കെട്ടിട വാടക നിശ്ചയിച്ച് നൽകിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ